"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിലെ ആയ ശ്രീമതി.ജമീല മുള്ളഞ്ചേരി ഫയൽ ചെയ്ത WP(C) 20963/2022 നം. കേസിന്റെ 19/07/2022 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ)വകുപ്പ്

സ.ഉ.(സാധാ) നം.1324/2023/LSGD തീയതി,തിരുവനന്തപുരം, 26-06-2023

---

പരാമർശം:-

1. 07/02/2018 തീയതിയിലെ സ.ഉ.(കൈ)നം.20/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിലെ ആയ ശ്രീമതി. ജമീല മുള്ളഞ്ചേരിയ്ക്ക് 23/06/2022 തീയതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ A1-2483/2022 നം. ഉത്തരവ്.
3. ശ്രീമതി.ജമീല മുള്ളഞ്ചേരി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 25909/2021 നം. കേസിലെ 07.03.2022 തീയതിയിലെ ഉത്തരവ്.
4. ശ്രീമതി.ജമീല മുള്ളഞ്ചേരി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)20963/2022 നം. കേസിലെ 19/07/2022 തീയതിയിലെ ഉത്തരവ്.
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/02/2023 തീയതിയിലെ I/85244/2023 നം. റിപ്പോർട്ട്.

## ഉത്തരവ്

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ ആയയായി ശ്രീമതി ജമീല മുള്ളഞ്ചേരിയെ നിയമിച്ചിരുന്നു. നിയമന കാലാവധി പുതുക്കുന്നതിനായി 08.11.2021-ന് സമർപ്പിച്ച അപേക്ഷ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണസമിതി അധികൃതർ കരാർ പുതുക്കി നൽകാതെ നിരസിച്ചിരുന്നു. പരാമർശം 3 വിധിന്യായ പ്രകാരം ശ്രീമതി ജമീല മുള്ളഞ്ചേരി എന്നവരെ പിരിച്ചു വിടുന്നത് താത്ക്കാലികമായി തടഞ്ഞു കൊണ്ടും സർക്കാർ ഉത്തരവും ബഡ്സ് സ്കൂൾ മാർഗ്ഗനിർദ്ദേശങ്ങളും പരിശോധിച്ച് ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ടിയാരിയുടെ സേവന കാലാവധിയിലെ ശമ്പളം ടിയാൾക്ക് നൽകിയിരുന്നു.

2. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിലെ ആയ ശ്രീമതി.ജമീല മുള്ളഞ്ചേരിയെ ടി തസ്തികയിൽ നിന്ന് നീക്കം ചെയ്തുകൊണ്ടുള്ള പരാമർശം -2 ഉത്തരവിനെതിരെ ടിയാൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 20963/2022 നമ്പർ കേസിലെ പരാമർശം -3

പ്രകാരമുള്ള ഉത്തരവിൽ ഹർജിക്കാരി താത്ക്കാലിക സേവനത്തിൽ തുടരുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

3. ഈ വിഷയത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം -4 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരിയുടെ നിയമനകാലാവധി 10/11/2021 ന് അവസാനിക്കുന്നതായും ബഡ്സ് സ്കൂളിലെ നിലവിൽ പ്രവർത്തിക്കുന്നതും രണ്ട് വർഷത്തിനു മുകളിൽ പ്രവൃത്തി പരിചയവുമുള്ള അദ്ധ്യാപകർ, ആയമാർ എന്നിവരെ പിരിച്ചുവിടാൻ പാടില്ലെന്ന് പരാമർശം -1 ഉത്തരവിൽ വ്യവസ്ഥ നമ്പർ - 11 ൽ വ്യക്തമാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

4. ഈ വിഷയത്തിൽ 12/01/2023 തീയതിയിൽ പരാതിക്കാരിയെ കേൾക്കുകയുണ്ടായി. പരാതിക്കാരിക്ക് കേൾക്കാൻ നൽകിയ അവസരത്തിൽ , ഇന്റർവ്യൂവിൽ ഒന്നാം റാങ്ക് ലഭിച്ച പരാതിക്കാരിയെ കാരണം കൂടാതെ മാറി വന്ന ഭരണസമിതി പിരിച്ചു വിട്ടത് സർക്കാർ ഉത്തരവ് പാലിക്കാതെ ആയിരുന്നു എന്നറിയിക്കുകയുണ്ടായി. ഒരു ഭിന്നശേഷിയുള്ള മകന്റെ അമ്മയായ പരാതിക്കാരിക്ക് ഇക്കാര്യത്തിൽ ഉള്ള പ്രവർത്തി പരിചയം ഉണ്ടായിരുന്നു. ബഡ്സ് സ്കൂൾ തുടങ്ങുന്ന അവസരത്തിലും പഞ്ചായത്തിന് തന്റേതായ സേവനം നൽകിയിട്ടുള്ളതായും നേരിൽ കേട്ട വേളയിൽ പരാതിക്കാരി അറിയിച്ചു. ആയതിനാൽ കാരണം കൂടാതെ പിരിച്ചു വിടരുത് എന്നുള്ള സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല എന്ന് പരാതിക്കാരി അറിയിക്കുകയുണ്ടായി .

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിലെ ആയ ശ്രീമതി.ജമീല മുള്ളഞ്ചേരിയ്ക്ക് ഒരു വർഷം കൂടി സേവനത്തിൽ തുടരുന്നതിന് അനുവദിച്ചുകൊണ്ടും തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് ഭരണസമിതിക്ക് ടിയാരിയെ ഒഴിവാക്കുന്നതിന് വ്യക്തമായ കാരണം ബോദ്ധ്യപ്പെടുന്ന പക്ഷം സേവനം അവസാനിപ്പിക്കുന്നതിനുള്ള നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും പരാമർശം -4 ലെ ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
ശ്രീമതി.ജമീല മുള്ളഞ്ചേരി, മുള്ളഞ്ചേരി ഹൗസ്, തെക്കുമുറി, ഊർങ്ങാട്ടിരി-673639
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/354/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M.B
സെക്ഷൻ ഓഫീസർ
Date: 27-06-2023 09:54:55